# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം


സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

6

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം 2



## യോഹന്നാന്റെ സാക്ഷ്യം

- ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു ഞാൻ പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം എനിക്കു മുമ്പു തന്നെ ഇവനുണ്ടായിരുന്നു. ഞാനും ഇവനെ അറിഞ്ഞിരുന്നില്ല. എന്നാൽ, ഇവനെ ഇസ്രായേലിനു വെളിപ്പെടുത്താൻ വേണ്ടിയാണ് ഞാൻ വന്നു ജലത്താൽ സ്നാനം നൽകുന്നത്. ആത്മാവ് പ്രാവിനെപ്പോലെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന് അവന്റെമേൽ ആവസിക്കുന്നത് താൻ കണ്ടുവെന്നു യോഹന്നാൻ സാക്ഷ്യപ്പെടുത്തി. ഞാൻ അവനെ അറിഞ്ഞിരുന്നില്ല. എന്നാൽ ജലംകൊണ്ടു സ്നാനം നൽകാൻ എന്നെ അയച്ചവൻ എന്നോടു പറഞ്ഞിരുന്നു: ആത്മാവിറങ്ങിവന്ന് ആരുടെമേൽ ആവസിക്കുന്നത് നീ കാണുന്നുവോ അവനാണു പരിശുദ്ധാത്മാവുകൊണ്ടു സ്നാനം നൽകുന്നവൻ" (യോഹ.1:29 34) ലോകത്തിന്റെ പാപം നീക്കാൻ വന്ന ദിവ്യകുഞ്ഞാടായ ഈശോ നമ്മുടെ പാപത്തിനു പരിഹാരമായി അനുതാപത്തിന്റെ മാമ്മോദീസ സ്വീകരിക്കാൻ ജോർദ്ദാൻ നദിയിലിറങ്ങി. മനുഷ്യപാപങ്ങൾക്കു പരിഹാരമായി അവിടുന്ന് കാൽവരിയിൽ അർപ്പിക്കാനിരുന്ന ബലിയെയും അവിടുത്തെ മഹത്വപൂർണ്ണമായ ഉയിർപ്പിനെയും ഈശോയുടെ ജ്ഞാനസ്നാനം സൂചിപ്പിക്കുന്നു.

## പരിശുദ്ധ ത്രീത്വം

- മാമ്മോദീസാവേളയിൽ പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം വെളിവാക്കപ്പെട്ടു. പുത്രനായ ദൈവം മാമ്മോദീസ സ്വീകരിക്കാൻ വിനീതനായി നിന്നു. പിതാവായ ദൈവം പുത്രനിൽ സംപ്രീതനായി ഇവൻ എന്റെ പ്രിയപുത്രനാണെന്ന് ഉച്ചസ്വരത്തിൽ സാക്ഷ്യപ്പെടുത്തി. പരിശുദ്ധാത്മാവായ ദൈവം പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്ന് ദൈവപുത്രനിൽ ആവസിച്ചു. അങ്ങനെ, മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ ഈ രഹസ്യത്തെ നമുക്കു വെളിപ്പെടുത്തിത്തരാൻ ദൈവം തിരുമനസ്സായി.
- “മിശിഹ” എന്ന അവിടുത്തെ നാമത്തിന്റെ അർത്ഥവും നമുക്കു വെളിവാക്കപ്പെട്ടു. “മിശിഹാ” എന്ന വാക്കിന്റെ അർത്ഥം ’‘അഭിഷേകം ചെയ്യപ്പെട്ടവൻ എന്നാണ്
- നമ്മുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും കേന്ദ്രമാണ് പരിശുദ്ധ ത്രിത്വരഹസ്യം.
- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസ സ്വീകരിച്ചുകൊണ്ട് ഈശോയുടെ മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുന്നു.
- വിശുദ്ധ കുർബ്ബാനയിൽ ഉത്ഥാനഗീതം (സർവ്വാധിപനാം കർത്താവേ....) ആലപിക്കുമ്പോൾ ഈശോയുടെ ഉത്ഥാനത്തോടൊപ്പം അവിടുത്തെ മാമ്മോദീസവേളയിൽ സ്വർഗ്ഗം തുറക്കപ്പെട്ടതിനെയും നാം അനുസ്മരിക്കുന്നു.

## ദനഹാത്തിരുനാൾ

- ഈശോയുടെ മാമ്മോദീസയെ അനുസ്മരിക്കുന്ന തിരുനാളാണ് ദനഹാത്തിരുനാൾ. ജനുവരി ആറാം തീയതിയാണ്.
- രാക്കുളിപ്പെരുന്നാളെന്നും പിണ്ടികുത്തിപ്പെരുന്നാളെന്നും അറിയപ്പെടുന്നു.

ഴ്



ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്

## ദനഹാക്കാലം

- ആരാധനാക്രമവത്സരത്തിലെ മൂന്നാമത്തെ കാലമായ ദനഹാക്കാലം ആരംഭിക്കുന്നു. ഈശോയുടെ പരസ്യജീവിതമാണ് ഈ കാലത്തിലെ ധ്യാനവിഷയം. "ദനഹ" എന്ന സുറിയാനി വാക്കിന് സൂര്യോദയം, പ്രത്യക്ഷീകരണം, എന്നെല്ലാം അർത്ഥമുണ്ട്.
- പരിശുദ്ധ ത്രിത്വം, ഈശോയുടെ ദൈവപുത്രത്വം, ഈശോയുടെ ദൈവമനുഷ്യ സ്വഭാവങ്ങൾ, അവിടുത്തെ സ്വയംശൂന്യവത്ക്കരണം, പരസ്യജീവിതം എന്നീ രക്ഷാകരരഹസ്യങ്ങൾ ദനഹാക്കാലത്ത് നമ്മൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.
- ദനഹാക്കാലത്തിലെ വെള്ളിയാഴ്ചകളിൽ സഭ വിശുദ്ദരുടെ തിരുനാളുകൾ ആഘോഷിക്കുന്നു.
- ദനഹാക്കാലത്തിന്റെ അവസാനത്തെ വെള്ളിയാഴ്ചയിൽ സകല മരിച്ചവിശ്വാസികളെയും നാം അനുസ്മരിക്കുന്നു.

## ഈശോ ലോകത്തിന്റെ പ്രകാശം

- ഇരുളിനു കീഴടക്കാൻ കഴിയാത്ത വെളിച്ചമായിട്ടാണ് യോഹന്നാൻ ശ്ലീഹാ ഇശോയെ വെളിപ്പെടുത്തുന്നത് (യോഹ. 1:5–9) അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു എന്ന ഏശയ്യാപ്രവാചകന്റെ വാക്കുകൾ ഈശോയിൽ നിറവേറിയതായി വി.മത്തായി ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു.
- വാഴപ്പിണ്ടിയിൽ ദീപങ്ങൾ കൊണ്ട് അലങ്കരിച്ച് ഏൽപ്പയ്യാ (ദൈവം പ്രകാശമാകുന്നു) പാടി അതിനു പ്രദക്ഷിണം വയ്ക്കുന്ന രീതി സീറോമലബാർ സഭയിൽ നിലനിന്നിരുന്നു, അതിനാൽ ദനഹാത്തിരുനാളിന് പ ിണ്ടികുത്തിപെരുന്നാൾ എന്നുപേരുവന്നു.
- ഈശോയുടെ മാമ്മോദീസയെ അനുസ്മരിച്ചുകൊണ്ട് ദനഹാത്തിരുനാളിൽ നമ്മുടെ പൂർവ്വികർ പ്രത്യേകം നിശ്ചയിക്കപ്പെട്ട ജലാശയങ്ങളിൽ അനുഷ്ഠാനപരമായ സ്നാനം നടത്തിയിരുന്നു. അതിനാൽ ദനഹായ്ക്ക് രാക്കുളിപ്പെരുന്നാളെന്നും പേരുവന്നു.
- ദൈവപുത്രനെ തിരിച്ചറിഞ്ഞ സ്നാപകയോഹന്നാൻ ഈശോയെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി വെളിപ്പെടുത്തി.

## എന്റെ തീരുമാനം

സ്നാപകയോഹന്നാനെപ്പോലെ
ഞാനും ഈശോയെ
മറ്റുള്ളവർക്കു
പരിചയപ്പെടുത്തും.



വഴികാട്ടാൻ ഒരു
തിരുവചനം
“ഞാൻ ലോകത്തിന്റെ
പ്രകാശമാകുന്നു. എന്നെ
അനുഗമിക്കുന്നവൻ
അന്ധകാരത്തിൽ
നടക്കുന്നില്ല. (യോഹ. 8:12)